


# ശിഹാബ്ക്കയോട് ചോദിക്കാം

സാഹിത്യലോകത്തേക്ക് ഒരുപാട് പുതുമുഖങ്ങൾ കടന്നു വരുന്നുണ്ടല്ലോ. അതുപോലെ നിരൂപണങ്ങളും ധാരാളം വരുന്നു. പുതുമുഖക്കാരെ നിരുൽസാഹപ്പെടുത്തുന്ന നിരൂപണങ്ങളോട് ശിഹാബ്ക്ക യോജിക്കുന്നുണ്ടോ? എങ്ങനെയായിരിക്കണം ഒരു നിരൂപകൻ/നിരൂപണം?

**ഷാദിയ പികെ , ക്ലാസ് 9, നരിക്കുനി ജി. എച്ച്. എസ്. എസ്**

നിരൂപണം എന്ന പദത്തിന് വിചാരം, ആലോചന എന്നിങ്ങനെയൊക്കെയാണ് അർത്ഥം. എന്തിനെക്കുറിച്ചും നമുക്ക് വിചാരിക്കാം, ആലോചിക്കാം. സാഹിത്യ കൃതികളെക്കുറിച്ചുള്ള ആലോചനക്ക് പ്രത്യേകം എടുത്തു പറയുന്ന പേരാണ് നിരൂപണം എന്നത് നിരൂപണ ശാഖ എന്ന ഇനം തന്നെ സാഹിത്യത്തിലുണ്ട്.

സർഗാത്മക കൃതികളെ വിലയിരുത്തുകയും ആഴത്തിലുള്ള പഠനത്തിന് വിധേയമാക്കുകയും ചെയ്യുന്നതാണ് വിമർശനം. വിമർശനം എന്നാൽ വിചാരത്തിനു വിധേയമാക്കുക എന്നാണർത്ഥം. കുറ്റം മാത്രം കണ്ടുപിടിക്കുന്ന പണിയല്ല നിരൂപകന്റേത്. എന്നു കരുതി സകലതിനെയും പുകഴ്ത്തുന്നതുമല്ല. ഒരു സാഹിത്യ കൃതിയുടെ ആഴവും പരപ്പും വായനക്കാരുടെ ശ്രദ്ധയിൽ പെടുത്തുന്ന കലയാണ് നിരൂപണം. കൂട്ടത്തിൽ കുറ്റപ്പെടുത്തലും കണ്ടേക്കാം. കുറവുകൾ പരിഹരിക്കാൻ എല്ലാ വിധ കലാകാരന്മാരെയും നല്ല നിരൂപണം സഹായിക്കും.

ഒരാൾ നമ്മുടെ കുറ്റവും കുറവും പറഞ്ഞാൽ പറയുന്ന ആളെ വെറുക്കുന്നതിനു പകരം നാം സ്വയം പരിശോധിക്കണം. എങ്കിലേ നമുക്ക് വിജയിക്കാനാവൂ. എല്ലാ നന്മയും നേരുന്നു.

കുറെ നാളായി എന്നെ ഒരു കാര്യം പിടികൂടിയിരിക്കുന്നു. പ്രശ്നമെന്താണെന്നു വെച്ചാൽ ഞാൻ പെട്ടെന്ന് ഓരോ ആലോചനയിൽ മുഴുകിപ്പോകുന്നു. സമയം അതുകൊണ്ട് നഷ്ടമാകുന്നത് ഞാൻ അറിയുന്നില്ല. എന്ത് ചെയ്യും ശിഹാബ്ക്കാ...

**മുഹമ്മദ് തമീം, ക്ലാസ്: 9**
**ഹോളിക്രോസ് കോൺവൻറ് സ്കൂൾ, കങ്ങരപ്പടി.**

▸▸ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ വനിതാ കോടതി– മാൾഡ(ബംഗാൾ)

ഇത് മുഹമ്മദ് തമീമിനു മാത്രമുള്ള പ്രശ്നമല്ല കേട്ടോ. ചിരിക്കില്ലെങ്കിൽ പറയാം. ചിലപ്പോഴെങ്കിലും ശിഹാബ്ക്കയുടെ സ്ഥിതിയും ഇതു തന്നെ! പക്ഷേ, ഉടൻ പരിഹരിക്കാൻ ശ്രമിക്കും. അതെങ്ങനെയാണെന്നല്ലേ... പറയാം. ഓരോ ദിവസവും നമുക്ക് മുന്നിൽ നൂറ് തരത്തിലുള്ള കാര്യം വന്നു നിൽക്കും. അവയെ താഴെ പറയുന്ന തരത്തിൽ മൂന്നായി തിരിക്കാം:

1. അത്യാവശ്യമുള്ളത്.
2. ആവശ്യമുള്ളത്
3. അനാവശ്യമായത്

അതതിന്റെ പ്രാധാന്യം നോക്കി മുൻഗണന നൽകുന്നതോടെ പകുതി പ്രശ്നം തീരും. സമയബന്ധിതമായി ചെയ്യുക എന്നതാണ് മറ്റൊന്ന്. നേരത്തെ സമയം പ്ലാൻ ചെയ്തു ശീലിക്കുന്നതോടെ പ്രശ്നങ്ങൾ ഇല്ലാതാവും: കാര്യങ്ങളെല്ലാം അവസാന നിമിഷത്തേക്ക് മാറ്റുന്നത് വലിയ ദുശ്ശീലമാണ്.

---

ചിലർക്ക് പഠിക്കാൻ തീരെ തോന്നില്ല, മറ്റു ചിലർ കഷ്ടപ്പെട്ട് പഠിക്കുന്നത് കാണാം. അവർക്ക് വായിക്കാൻ നല്ല താൽപര്യവും കാണും. എന്തുകൊണ്ടാ ശിഹാബ്ക്കാ ചിലർക്ക് തീരെ പഠിക്കാനൊന്നും തോന്നാത്തത്?

**നിദ പറവെട്ടി, ക്ലാസ് 7**
**ചെറു പുഷ്പം ആംഗലേയ വിദ്യാലയം**
**കരുവാരക്കുണ്ട്**

---

കഷ്ടപ്പെട്ട് പഠിക്കുന്നതിനെക്കാൾ രസിച്ചു പഠിക്കുന്നതല്ലേ നല്ലത്? രസിച്ചു പഠിക്കണമെങ്കിൽ എല്ലാ അറിവിനോടും ദാഹം വേണം. ഒരു രൂപ വഴിയിൽ നിന്ന് വീണുകിട്ടിയാൽ നമ്മൾ പത്ത് രൂപക്കുള്ള കഷ്ടപ്പാട് സഹിച്ചും നമ്മൾ അത് എടുത്ത് സ്വന്തമാക്കും. എന്നാൽ ആയിരം രൂപയുടെ മൂല്യമുള്ള ഒരു അറിവ് വഴിയിൽ കണ്ടാൽ നമ്മളതിനെ കാണാത്തതുപോലെ അവിടെ ഉപേക്ഷിച്ച് കടന്നു പോകും.

സയൻസിൽ നിന്നാവട്ടെ, സാഹിത്യത്തിൽ നിന്നാവട്ടെ, ചരിത്രത്തിൽ നിന്നാവട്ടെ ഓരോ അറിവും നമ്മളെ തേടിയെത്തുമ്പോൾ അത് നമ്മുടെ ബുദ്ധിയിലും ഹൃദയത്തിലും സംഭരിച്ചു വെക്കുന്നത് ഒരു ശീലമാക്കുക. പഠനം തനിയെ രസകരമായിക്കൊള്ളും. ആശംസകൾ നേരുന്നു.

---

ലൈബ്രറിയിലൊക്കെ ചെന്നാൽ എന്തോരം പുസ്തകങ്ങളാണ്! ഞങ്ങൾ ഏത് പുസ്തകമാണ് വായിക്കേണ്ടത് ശിഹാബ്ക്കാ...

**തമന്ന ഫാത്തിമ, ക്ലാസ് 6**
**എച്ച്.എച്ച്.എസ്, മേമുണ്ട**

---

വായനയെ രസകരമാക്കുന്ന വിധമുള്ള പുസ്തകങ്ങളാണ് കുട്ടികളായ നിങ്ങൾ ആദ്യം സംഘടിപ്പിക്കേണ്ടത്. മിക്ക പേർക്കും കഥകളാവും ഇഷ്ടം

പഞ്ചതന്ത്രം കഥകൾ, ഈസോപ്പ് കഥകൾ, ആയിരത്തൊന്ന് രാവുകൾ തുടങ്ങിയ കഥകളാവാം. സാരോപദേശ കഥകളാവാം.

കുട്ടികൾക്ക് രസിച്ചു പാടാൻ പറ്റിയ കവിതകളുമാവാം. വിജ്ഞാനപ്രദമായ കാര്യങ്ങൾ സരസമായി അവതരിപ്പിക്കുന്ന പുസ്തകങ്ങളുമാവാം.



## ശിഹാബ്ക്കയോട് ചോദിക്കാം

നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി മാസിക,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്– 12.
കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും 8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

▸▸ ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള ഹൈക്കോടതി– കൊൽക്കത്ത ഹൈക്കോടതി